## <u>സ്പ്രിങ് ഫോർ സെയിൽ</u>

Nothing ever becomes real
till it is experienced - John Keats

കടയുടെ പേരിന് താഴെ കുറിച്ചിട്ട വരികളിൽ മനസ്സുടക്കി നിന്നപ്പോഴേക്കും വാതിൽ തുറന്നുപിടിച്ചൊരു കൃത്രിമച്ചിരി അകത്തേക്ക് ക്ഷണിച്ചുകഴിഞ്ഞിരുന്നു.

“വരൂ മാഡം മെയിൽ ഓർ ഫീമെയിൽ ?”

“മെയിൽ, അണ്ടർ റ്റ്വന്റി”

“ഫസ്റ്റ് ഫ്ളോർ, ഓക്കെ”

ഒന്നാം നിലയിൽ നിരന്ന് നിൽക്കുന്ന ചെറുപ്പക്കാർക്ക് മുന്നിലൂടെ നടന്ന് ‘തരക്കേടില്ല’ എന്ന് തോന്നിപ്പിച്ചവന്റെ അടുത്തെത്തി നിന്നു. ഒന്നുടക്കിയാൽ ആരെയും പ്രണയത്തിൽ മുക്കിത്താഴ്ത്തുമെന്ന് ഭീഷണിമുഴക്കുന്ന കണ്ണുകൾ !

‘‘ഇവൻ നല്ല ഗായകനാണ്, പതിഞ്ഞ സംസാരം നല്ല ശ്രോതാവ് എല്ലാറ്റിലുമുപരി സത്സ്വഭാവി. ഏൽപ്പിച്ച് ടാസ്ക് പൂർത്തിയാക്കിയാൽ സിം കാർഡ് മാറ്റിക്കൊടുത്ത് മറ്റേതെങ്കിലും ജില്ലയിലേക്കിവനെ ട്രാൻസ്ഫർ ചെയ്തോളാം.”

സെയിൽസ്മാൻ അടുക്കിവെച്ച വാചകങ്ങൾ നിരത്തിയിട്ടു.

“ഇവന്റെ പേര് പറഞ്ഞില്ലല്ലോ !”

“ആഷിഖ് റോഷൻ”

“ഇവൻ വേണ്ട”

എന്റെ നാവ് ചലിച്ചത് പെട്ടെന്നായിരുന്നു.

“കാശിനാഥനെന്നോ കൈലാസെന്നോ പേരുള്ള ആരെങ്കിലും ?”

“ഗോവർദ്ധൻ എന്നൊരാളുണ്ട്”

“അതുമതി”

“വരൂ”

താളം തെറ്റിയ മനസ്സിനെ പൂർവസ്ഥിതിയിലാക്കാൻ താളബോധമുള്ള ഒരു ഡോക്ടർ തന്നെ വേണമെന്ന് തോന്നി. അതുകൊണ്ടാണ് തീർത്ഥയെയും കൊണ്ട് ഡോക്ടർ രഘുനാഥമേനോനെ തന്നെ പോയി കണ്ടത്. ഒരുപാട് നേരം തീർത്ഥയോട് സംസാരിച്ച ഡോക്ടർ പിറ്റേന്ന് അവളെ കൂട്ടാതെ ചെല്ലണമെന്ന് എന്നോടാവശ്യപ്പെട്ടു. രോഗിയെക്കുറിച്ചുള്ള വിവരങ്ങൾ, സംഗീതമാസ്വദിക്കുന്ന മുഖഭാവത്തോടെ മേശപ്പുറത്ത് താളവും പിടിച്ച് അദ്ദേഹം കേട്ടുകൊണ്ടിരിക്കുന്നു.

“എന്ന് മുതലാണ് മോളിങ്ങനെ പെരുമാറിത്തുടങ്ങിയത് ?”

മാസങ്ങൾക്ക് മുൻപുള്ള ഒരു സന്ധ്യയ്ക്ക് കടിച്ച കൊതുകിനെ തല്ലിക്കൊന്ന് തീർത്ഥ സൂക്ഷിച്ച് നോക്കി.

"യെസ്, ഈഡിസ് തന്നെ ! ഡെങ്കി ഹെമറേജിക് ഫീവറാണ് വരുന്നതെങ്കിൽ നല്ല രസമായിരിക്കും അല്ലേ മമ്മീ ? മൂക്കിലൂടെയും വായിലൂടെയും ബ്ലഡൊക്കെ വന്ന്...."

വല്ലാത്തൊരു ഞെട്ടലിൽ ഞാനവളുടെ വായപൊത്തി.

"മരണത്തെ ഇത്ര പേടിക്കാനെന്താ മമ്മീ. മരിച്ചാൽ നല്ല രസായിരിക്കുംന്ന് എനിക്ക് തോന്ന്ണു."

"ജീവിതത്തിൽ ഒരുപാട് നേടാനില്ലേ നമുക്ക് ?"

"നേടീട്ട് ?"

"ആഗ്രഹങ്ങളൊക്കെ നേടിയെടുക്കണ്ടേ ?"

"ഏതാഗ്രഹങ്ങൾ ?"

വെളിച്ചം ചത്തുകിടക്കുന്ന മിഴികളുയർത്തി എന്നെ നോക്കുന്ന തീർത്ഥയുടെ മുഖം ഡോക്ടറുടെ പരിഹാസസ്വരം കേട്ട് മാഞ്ഞുപോയി.

"മോൾക്ക് പിടിച്ചു കൊടുക്കാത്തതായി ഇനി അമ്പിളിയമ്മാവൻ മാത്രമേയുള്ളൂ അല്ലേ ?"

"ശരിയല്ലേ ?"

മൂന്നാം വയസ്സിൽ ടോയ്സ് ഷോപ്പിനുള്ളിൽ മുഖം ചുളിച്ച് തീർത്ഥ നിന്നു.

"ഉണ്ണിക്ക് ഇതൊക്കെ വീട്ടിലുണ്ടല്ലോ ! ഉണ്ണിക്കൊന്നും വേണ്ട"

കളിക്കോപ്പുകളിലേക്ക് വിരൽ ചൂണ്ടി വാശി പിടിക്കുന്ന മറ്റു കുട്ടികൾക്ക് മുന്നിലൂടെ മകളുടെ കൈപിടിച്ച് അല്പം ഗമയിലാണ് നടന്നത്.

മേശപ്പുറത്ത് താളംപിടിക്കുന്ന വിരലുകൾ അല്പ നേരം നിശ്ചലമായി.

"ആട്ടെ കുട്ടിക്ക് കൂട്ടുകാരായി ആരുമില്ലേ ?"

തസ്ബിമാല കൈയിലെടുത്ത് കൗതുകത്തോടെ വീക്ഷിക്കുന്ന കുഞ്ഞു തീർത്ഥയെ ഞാൻ കണ്ണുരുട്ടി നോക്കി.

"ഇതെവിടുന്നാ ?"

"ഹഫ്സാന തന്നതാ"

"അവളാണോ നിന്റെ ബെസ്റ്റ് ഫ്രണ്ട് ?"

“ആൻമേരീം ദിയഫാത്തിമേം നദേം എല്ലാവരും”

മനസ്സിലൂടെ മിന്നിമാഞ്ഞ അശുഭ ചിന്തകൾ വാക്കുകളിൽ തേൻപുരട്ടി.

“മമ്മിയുണ്ടല്ലോ മോൾക്ക് ഫ്രണ്ടായിട്ട്. അതുപോരെ ? മമ്മീം ഉണ്ണിമോളും, ഉണ്ണി മോളും മമ്മീം !”

ചുളിഞ്ഞുമടങ്ങിയ നോട്ടത്തിന്റെ അകമ്പടിയോടെയായിരുന്നു ഡോക്ടറുടെ അടുത്ത ചോദ്യം.

“എന്നിട്ട്... നിങ്ങൾക്കവളുടെ സുഹൃത്താവാൻ കഴിഞ്ഞോ ?”

നാണം ചുവപ്പിച്ച കവിളുകളിൽ നുണക്കുഴി വിരിയിച്ച് തീർത്ഥ കിണുങ്ങി.

“മമ്മീ ജസ്റ്റിൻ ഇന്നലെ എന്നോട് പറയ്യാ യ്യോർ ഐസ് ആർ സോ ബ്യൂട്ടിഫുൾ ന്ന്”

“ടെൻത് എ യിലെ ബ്യൂട്ടിക്യൂൻ ഞാനാത്രേ !”

മകളുടെ മുഖത്തെ നാണം എന്റെ മനസ്സിലേക്ക് ഭയമായി പടർന്നു.

“ഇവന്മാരെല്ലാം ഇങ്ങനാ ഉണ്ണീ... പത്രത്തിലൊക്കെ വായിക്കുന്നതല്ലേ നീ. ഒന്നിനേം വിശ്വസിക്കരുത്.”

“തീർത്ഥ അച്ഛനുമായിട്ടെങ്ങനെ ?”

“കെട്ടിപ്പിടിച്ച് കിടന്നേ ഉറങ്ങ്വായിരുന്നുള്ളൂ. പക്ഷെ...”

“പക്ഷെ ?”

“വളർന്നപ്പോൾ ഞാനവളെ മാറ്റിക്കെടത്തി. അച്ഛനായാലും, ഒരു കരുതൽ വേണമല്ലോന്ന് കര്തി”

കണ്ണടയ്ക്കുള്ളിലൂടെ വിരലിട്ട് ഡോക്ടർ കണ്ണ് ചൊറിഞ്ഞു.

“എന്റെ ചില സുഹൃത്തുക്കൾ പറയുന്നു. മതബോധവും ദൈവഭയവുമില്ലാതെ വളർത്തിയതുകൊണ്ടുള്ള ദോഷമാണെന്ന്”

“ഓഹോ...എന്നിട്ട് ?”

“അമ്പലത്തിൽ കൊണ്ടുപോയിത്തുടങ്ങിയപ്പോൾ കാണുന്നതെല്ലാം അവൾക്കത്ഭുതം. സംശയങ്ങൾ കൊണ്ട് പൊറുതി മുട്ടിച്ചു. പറഞ്ഞു കൊടുക്കാൻ കഴിയാതായപ്പോൾ അതും അവസാനിപ്പിച്ചു.”

ചിരിച്ച് ചിരിച്ച് ഡോക്ടറുടെ കണ്ണ് നിറഞ്ഞു.

"ഒരാഴ്ചത്തെ കോച്ചിംഗ് ക്ലാസ് മുടക്കിയിട്ടാ കൊടൈക്കനാലിലേക്ക് പ്ലഷർ ട്രിപ്പ് പോയത്. ഒരു മാറ്റാവട്ടെ എന്ന് വിചാരിച്ച്. എന്നിട്ടോ ! കൊക്കയിലേക്ക് എടുത്ത് ചാടാൻ നോക്കുന്നത് ഭാഗ്യത്തിന് കണ്ടു. വല്ലാതെ പണിപ്പെട്ടു വലിച്ചു കൊണ്ടു പോരാൻ. കോടയൊഴിഞ്ഞ നേരത്ത് ആഴങ്ങളിലെ പച്ചപ്പ് അവളെ വല്ലാതെ ആകർഷിച്ചെന്ന് !"

"കോടമൂടിയ മലമുകളിൽ പൂത്തുകിടന്ന നീലക്കുറിഞ്ഞികളെ അവൾ കണ്ട് കാണില്ല അല്ലേ ?"

"അതിന് ഡോക്ടർ നീലക്കുറിഞ്ഞി പൂക്കുന്ന സമയല്ലായിരുന്നു അത് !"

"അവൾ ജനിച്ച് പന്ത്രണ്ടാം വർഷം മുതൽ പൂത്തുതുടങ്ങിയ നീലക്കുറിഞ്ഞി കളെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. പാവം ഇന്നേ വരെ കണ്ടില്ലെന്നത് കഷ്ടം തന്നെ ?"

ചുളിഞ്ഞ പുരികക്കൊടികൾക്ക് താഴെ എന്റെ കണ്ണുകൾ ഇടുങ്ങിച്ചെറുതായി.

കുസൃതിച്ചിരിയണിഞ്ഞ് ഡോക്ടർ തുടർന്നു. സഫലമാകുമെന്ന് മോഹിപ്പിക്കുന്ന ഒരു വസന്തത്തെയും ആശ്ലേഷിച്ചല്ലേ മനുഷ്യായുസ്സ് നടന്ന് നീങ്ങുന്നത്. ചരിത്രത്തിലിന്നേ വരെ മനുഷ്യൻ കൈവരിച്ച നേട്ടങ്ങളെല്ലാം വസന്തത്തിന്റെ സന്തതികളാണ്. ടെൻസിംഗും ഹിലാരിയും കൊടുമുടി കയറി യതും ആംസ്ട്രോങ്ങും കൂട്ടരും ചന്ദ്രനെ തൊട്ടതും ആ വസന്തത്തിന്റെ മൂർദ്ധന്യ ത്തിലാണ്. തീർത്ഥയുടെ അമ്മയ്ക്കുമില്ലേ ഓർത്തെടുക്കാനൊരു പൂക്കാലം ?"

ആറാം ക്ലാസ്സ് മുതൽ പൂത്തും പൊഴിഞ്ഞും കൊതിപ്പിച്ചിരുന്ന ഒരു കാലം മനസ്സിലൂടെ ഒഴുകി നീങ്ങി. ഉള്ളിൽ കൊളുത്തി വലിച്ച് തേൻപൊടിച്ചിരുന്ന നോട്ടങ്ങൾ, നിശ്ശബ്ദത തളം കെട്ടിയ വായനാ മുറികളിൽ കൈമാറിയിരുന്ന മധുകണങ്ങൾ, ഒളിച്ചിരുന്ന് വായിച്ച് ഹൃദയത്തിലേക്ക് പകർത്തിയിരുന്ന കുത്തിക്കുറിക്കലുകൾ, സ്കൂളിലെത്താനുള്ള തിടുക്കങ്ങൾ, കാണാതിരുന്നപ്പോ ഴുണ്ടായ പൊള്ളലുകൾ, കോളേജിന്റെ തണുത്ത ഇടനാഴിയിലെങ്ങോ ഊർന്നു പോയൊരു കൈച്ചൂടിൽ ഓർമ്മകൾ അവസാനിച്ചു.

"അതവിടെ അവസാനിപ്പിക്കരുതായിരുന്നു"

ഡോക്ടറുടെ കണ്ണുകളിലെ കുസൃതി ചുണ്ടിലൊരു കള്ളച്ചിരിയായി പടർന്നു കയറിയപ്പോൾ ആ നിമിഷം ഞാനയാളെ പ്രണയിച്ചുപോവുമോ എന്നൊരു തോന്നൽ എന്റെ സിരകളെ ചൂടുപിടിപ്പിച്ചു.

"പൂക്കാനും പഴുക്കാനും കൃത്രിമ മാർഗങ്ങളുണ്ടായിരിക്കാം. പക്ഷെ പൂവിൽ നിന്നല്ലാതെ കായയുണ്ടാക്കാനുള്ള മാന്ത്രികവിദ്യ മനുഷ്യൻ സ്വായത്തമാക്കിയിട്ടില്ല. ഇനിയൊരു വസന്തത്തെ പ്രതീക്ഷിക്കാനാവാത്ത വിധം ഗ്രീഷ്മാക്രമണം നടന്ന മനസ്സുകളാണ് മരണത്തെ ആഗ്രഹിക്കുന്നത്. അതുകൊണ്ട്..."

“അതുകൊണ്ട്....”

“പൂത്തുകിടക്കുന്ന നീലക്കുറിഞ്ഞികളെ തീർത്ഥ കാണണം. സൗരഭ്യം അവൾക്കനുഭവപ്പെടണം !”

ഡോക്ടർ നിർദ്ദേശിച്ച ‘സ്പ്രിങ് ഫോർ സെയിൽ’ എന്ന കട തേടിപ്പിടിച്ച് ചെന്ന് രണ്ട് മണിക്കൂർ കറങ്ങിയിട്ടും മകൾക്ക് പറ്റിയൊരാളെ കണ്ടെത്താൻ എനിക്കായില്ല. ഗൃഹാതുരതയുണർത്തുന്ന പ്രണയഗാനങ്ങൾ ആസ്വദിച്ച് കടയുടെ ഉൾവശം ചുറ്റിക്കണ്ട ശേഷം പുറത്തിറങ്ങാൻ തുടങ്ങുകയായിരുന്നു.

“മാഡം സാറ്റിസ്ഫൈഡാണോ ? ഞങ്ങളുടെ വിസിറ്റേഴ്സ് ബുക്കിൽ എന്തെങ്കിലും കുറിച്ചിടൂ”

“നല്ല കറുത്ത കണ്ണുകളും കട്ടിമീശയുമുള്ള ഒരുത്തനുമില്ലല്ലോ ഇവിടെ !”

“ഇവളുമാരെയൊന്നും എന്റെ മോനിഷ്ടാവില്ല. നീണ്ട കണ്ണുകളും നുണക്കുഴി ക്കവിളുമുള്ള ആരുമില്ലേ ?”

പരിചിത സ്വരം കേട്ട് ഞെട്ടിത്തിരിഞ്ഞപ്പോൾ ആഴമേറിയ കണ്ണുകൾ എന്നെയും കണ്ടുകഴിഞ്ഞെന്നുറപ്പായി.

“തേരി ആഖോം കെ സിവാ ദുനിയാമേം രഖാ ക്യാ ഹേ”

പശ്ചാതല സംഗീതവും കൂടിയായപ്പോൾ ഓടിയെത്തിയ ചിരി നുണക്കുഴി വിരിയുമെന്ന് ഭയന്ന് ചുണ്ടുകൾക്ക് പിന്നിലൊളിച്ചു. ചൂടുള്ള ഓർമ്മകളിലേക്ക് മനസ്സ് തിരിഞ്ഞ് നടക്കുന്നതറിഞ്ഞ് കാലുകളെ മുൻപോട്ട് വലിച്ച് പുറത്തിറങ്ങി. ചുട്ടുപഴുത്ത റോഡിലൂടെ അതിവേഗം ചലിക്കുമ്പോഴും ഉള്ളിലൊരായിരം പൂമൊട്ടുകൾ ഒന്നിച്ച് പൊട്ടിവിരിഞ്ഞുകൊണ്ടിരുന്നു.